## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിൽ ദിനങ്ങളും വേതനവും

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3211

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം 2012-13 വർഷത്തിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിൽ എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു; ഓരോ ജില്ലയിലും നൽകിയ തൊഴിൽ ദിനങ്ങൾ വ്യക്തമാക്കുമോ; | (എ) | 2012-13 സാമ്പത്തിക വർഷം 833.68 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലേബർ ബഡ്ജറ്റ് പ്രകാരം ലക്ഷ്യമിട്ടിരുന്നത്.എന്നാൽ 837.44 ലക്ഷം തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ |
|---|---|
| പാലക്കാട് | 7215861 |
| വയനാട് | 3385929 |
| ഇടുക്കി | 7592552 |
| കാസർകോഡ് | 2806653 |
| ആലപ്പുഴ | 9431517 |
| എറണാകുളം | 5806187 |
| കണ്ണൂർ | 3450264 |
| കൊല്ലം | 6926465 |
| കോട്ടയം | 3648923 |
| കോഴിക്കോട് | 5491875 |
| മലപ്പുറം | 5433498 |
| പത്തനംതിട്ട | 3712878 |
| തിരുവനന്തപുരം | 13031528 |
| തൃശ്ശൂർ | 5810209 |
| ആകെ | 83744339 |

| | | | |
|---|---|---|---|
| (ബി) | 2012-13-ൽ തൊഴിൽ ലഭിച്ചവർക്ക് വേതനം ഇനത്തിൽ എത്ര രൂപ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ലയിലേയും കുടിശ്ശിക വ്യക്തമാക്കുമോ; | (ബി) | 2012-13 സാമ്പത്തിക വർഷം വേതനം ഇനത്തിൽ കുടിശ്ശിക ഇല്ല |
| (സി) | 2013-14-ൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതിൽ എത്ര തൊഴിൽ ദിനങ്ങൾ ഇതുവരെ നൽകിയിട്ടുണ്ട്; ഓരോ ജില്ലയിലും നൽകിയ തൊഴിൽ ദിനങ്ങൾ വിശദമാക്കുമോ; | (സി) | 2013-14 സാമ്പത്തിക വർഷം ആകെ 875.57 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 26.01.2014 വരെ 582.95 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | 2013-14 സാമ്പത്തിക വർഷം 25.01.2014 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ |
|---|---|
| പാലക്കാട് | 5523020 |
| വയനാട് | 2814163 |
| ഇടുക്കി | 3636376 |
| കാസർകോഡ് | 1878826 |
| ആലപ്പുഴ | 6172111 |
| എറണാകുളം | 3448344 |
| കണ്ണൂർ | 2424890 |
| കൊല്ലം | 4326569 |
| കോട്ടയം | 1818124 |
| കോഴിക്കോട് | 3752172 |
| മലപ്പുറം | 3776344 |
| പത്തനംതിട്ട | 2358658 |
| തിരുവനന്തപുരം | 11842900 |
| തൃശ്ശൂർ | 4522910 |
| ആകെ | 58295407 |

(ഡി) 2013-14-ൽ തൊഴിൽ ലഭിച്ചവർക്കുള്ള വേതനത്തിൽ എത്ര രൂപ ഇനി വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ലയിലേയും കുടിശ്ശിക വ്യക്തമാക്കുമോ;

(ഡി) 2013-14 സാമ്പത്തിക വർഷം 25.01.2014 വരെ 20154.44 ലക്ഷം രൂപ വേതനയിനത്തിൽ വിതരണം ചെയ്യാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | 2013-14 സാമ്പത്തിക വർഷം 25.01.2014 വരെ വേതനയിനത്തിൽ നൽകാനുള്ള തുക (ലക്ഷത്തിൽ) |
|---|---|
| പാലക്കാട് | 304.59 |
| വയനാട് | 297.35 |
| ഇടുക്കി | 660.17 |
| കാസർകോഡ് | 549.09 |
| ആലപ്പുഴ | 759.68 |
| എറണാകുളം | 504.77 |
| കണ്ണൂർ | 265.54 |
| കൊല്ലം | 469.13 |
| കോട്ടയം | 568.46 |
| കോഴിക്കോട് | 710.1 |
| മലപ്പുറം | 477.06 |
| പത്തനംതിട്ട | 529.92 |
| തിരുവനന്തപുരം | 296.29 |
| തൃശ്ശൂർ | 790.81 |
| ആകെ | 7182.96 |

(ഇ) ഉല്പാദനവുമായി ബന്ധപ്പെട്ട് കൂടുതൽ പദ്ധതികൾ നടപ്പാക്കുമെന്ന 2013-ലെ നയപ്രഖ്യാപന പ്രകാരം ഏതെല്ലാം പുതിയ പദ്ധതികളാണ് ഈ വർഷം ഉൾപ്പെടുത്തിയതെന്ന് വിശദമാക്കുമോ?

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

കേന്ദ്രസർക്കാരിന്റെ 03.01.2014 ലെ എസ്.ഒ.19 (ഇ) നമ്പർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 പ്രകാരം ഉത്പാദനവുമായി ബന്ധപ്പെട്ടതും ഉല്പാദനത്തെ സഹായിക്കുന്ന പശ്ചാത്തല സൗകര്യവർദ്ധനവിനും സഹായകരവുമായ ചുവടെ പറയുന്ന പ്രവൃത്തികൾ നിലവിൽ ഏറ്റെടുക്കാൻ കഴിയും.

I. **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ**

i. ഒരു നീർത്തടത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ സംരക്ഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവർത്തനങ്ങൾ

ii. സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മിതി, പുനഃരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികൾ

iii. തോടുകളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസംഭരണികളുടെ പുനഃരുദ്ധാരണം

iv. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും മറ്റ് പ്രദേശങ്ങളിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും.

v. പൊതു സ്ഥലങ്ങളിലെ ഭൂവികസന പ്രവർത്തനങ്ങൾ

II. **തൊഴിലുറപ്പ് നിയമം പട്ടിക 1 ലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂമിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ**

i) ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സഹായകമായ കിണറുകൾ, കുളങ്ങൾ മറ്റ് ജല സംരക്ഷണ നിർമ്മിതികൾ എന്നിവ ലഭ്യമാക്കലും അതോടൊപ്പം ഭൂമി വികസിപ്പിക്കലും

ii) പഴകൃഷി, പട്ടുനൂൽപുഴു കൃഷി, തോട്ടവിളകൃഷി, വനവത്കരണം എന്നിവയിലൂടെ ആജീവന വ്യവസ്ഥകൾ മെച്ചപ്പെടുത്തൽ

iii) തരിശ് ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ

iv) മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണം

v) മത്സ്യ സമ്പത്തും ലഭ്യതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ, വർഷകാലത്ത് പൊതുഭൂമിയിൽ ഉണ്ടാകുന്ന വെള്ളക്കെട്ടിൽ മത്സ്യം വളർത്തൽ

III. **ദേശീയ ഗ്രാമീണ ഉപജീവന മിഷനിലൂടെ പ്രവർത്തനക്ഷമമായിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് ആവശ്യമായ പൊതു അടിസ്ഥാന സൗകര്യ നിർമ്മിതികൾ**

i. കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ജൈവവളങ്ങളുടെ നിർമ്മാണത്തിനും വിളവെടുപ്പ് കഴിഞ്ഞ് ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം

Shy[illegible]